## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1257** **07-12-2022 - ൽ മറുപടിയ്ക്ക്**

## കൊളത്തൂർ വില്ലേജിൽ ആട് വളർത്തൽ കേന്ദ്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കൊളത്തൂർ വില്ലേജിൽ ആട് വളർത്തൽ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ; | (എ) | **കാസർഗോഡ് ജില്ലയിലെ കൊളത്തൂർ വില്ലേജിലെ ബേഡഡുക്ക ഗോട്ട് ഫാമിന് 2017-18 വർഷമാണ് ഭരണാനുമതി ലഭിച്ചത്. 2019-20-ൽ പദ്ധതി റീവാലിഡേറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2019-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കാസർഗോഡ് ജില്ലാ മൃഗസംരക്ഷണ ഓഫീസർ റിപ്പോർട്ട് ചെയ്തത് പ്രകാരം പ്രസ്തുത സ്ഥലത്തിന്റെ ചുറ്റുമതിൽ കെട്ടി പൂർത്തിയാക്കിയിട്ടുണ്ട്. ആഫീസ് കെട്ടിടത്തിന്റെ പണിപൂർത്തിയായിട്ടുണ്ട്. നിർമ്മിക്കാനിരുന്ന 5 കൂട്ടുകളിൽ ഒരു മോഡൽ കൂടിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.** |
| (ബി) | ഇതിന്റെ പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും എത്ര കാലാവധിക്കുള്ളിൽ യാഥാർത്ഥ്യമാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും ആയത് പ്രകാരം നടപടികൾ മുന്നോട്ടു കൊണ്ടു പോകാൻ സാധിച്ചിട്ടുണ്ടോയെന്നും വകുപ്പ് ഇത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോയെന്നുമുള്ള കാര്യങ്ങളുടെ വിശദാംശം അറിയിക്കാമോ; | (ബി) | 2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതി റീവാലിഡേറ്റ് ചെയ്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല. G.O(Ms) No.50/2020/AGRI തീയതി 15/06/2020 പ്രകാരം ഈ പദ്ധതിയ്ക്ക് 75 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ RKVY ഫണ്ട് ലഭ്യമായില്ല. എന്നിരുന്നാലും കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി ഈ പദ്ധതി പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| (സി) | നിലവിലെ സ്ഥിതിയിൽ ആട് ഫാം എന്ന് യാഥാർത്ഥ്യമാക്കാനാവും എന്ന് അറിയിക്കാമോ? | (സി) | നിലവിലെ സ്ഥിതിയിൽ RKVY ഫണ്ട് ലഭ്യമല്ലാത്തതിനാൽ വകുപ്പ് തുകയും കാസറഗോഡ് വികസന പാക്കേജ് തുകയും ഉൾപ്പെടുത്തി ചുറ്റുമതിൽ, ഓഫീസ് കെട്ടിടം, ഒരു മോഡൽ കൂട് എന്നിവ ഉൾപ്പെടുത്തി ഈ പദ്ധതി ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ